"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ് - കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് - ശ്രീ.ഹാഫിസ് മുഹമ്മദ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.61/2024/HSG തീയതി,തിരുവനന്തപുരം, 30-10-2024

---

പരാമർശം:-

1. സ.ഉ.(പി) നം.12/99/പി&എ.ആർ.ഡി., തീയതി 24.05.1999
2. സ.ഉ.(പി) നം.32/2007/പ്ലാനിംഗ്, തീയതി 07.06.2007
3. സ.ഉ.(പി) നം.28/2010/പ്ലാനിംഗ്, തീയതി 05.06.2010
4. സ.ഉ.(പി) നം.18/2018/പ്ലാനിംഗ്, തീയതി 22.11.2018
5. സ.ഉ.(പി) നം.17/2023/പ്ലാനിംഗ്, തീയതി 26.08.2023
6. ശ്രീ. ഹാഫിസ് മുഹമ്മദ് 12.08.2022-ൽ സമർപ്പിച്ച അപേക്ഷ.
7. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 02.05.2024 തീയതിയിലെ DCTVM/7202/2023-S6 നമ്പർ കത്ത്.
8. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 01.06.2024, 03.09.2024 എന്നീ തീയതികളിലെ KSHB-HO/665/2022-AD1(C) നമ്പർ കത്തുകളും അനുബന്ധ രേഖകളും.

**ഉത്തരവ്**

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ ജോലിയിലിരിക്കെ 27.07.2006 തീയതിയിൽ മരണപ്പെട്ട ശ്രീ. മുഹമ്മദ് കോയ എ.ആർ. ന്റെ മകൻ ശ്രീ. ഹാഫിസ് മുഹമ്മദ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (6) പ്രകാരം ഭവനനിർമ്മാണ ബോർഡിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2) ശ്രീ. മുഹമ്മദ് കോയ എ.ആർ. ന് സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ 2 വർഷം 2 മാസം 11 ദിവസം സർവ്വീസുണ്ടായിരുന്നതായി സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. ഹാഫിസ് മുഹമ്മദ് ആശ്രിത നിയമനത്തിനായുള്ള നിലവിലെ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുവാൻ അർഹനായതിനാൽ, സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരന്റെ തസ്തികയിൽ നിയമനം നൽകുന്നതിന് അനുവാദം നൽകണമെന്ന് പരാമർശം (8) പ്രകാരം സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി ആവശ്യപ്പെടുകയുണ്ടായി.

3) സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള യോഗ്യത നേടിയിട്ടുള്ള ശ്രീ. ഹാഫിസ് മുഹമ്മദ്, പ്രസ്തുത ജോലിക്ക് അനിവാര്യമായ ശാരീരികക്ഷമത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. ശ്രീ. മുഹമ്മദ് കോയ എ.ആർ. ന്റെ അനന്തരാവകാശികളുടെ പട്ടിക ലഭ്യമാക്കുന്നതോടൊപ്പം, ശ്രീ. ഹാഫിസ് മുഹമ്മദ്-ന്റെ ജനന തീയതി 17.04.2003-ഉം, കുടുംബ വാർഷിക വരുമാനം 24,000/- (ഇരുപത്തിനാലായിരം രൂപ മാത്രം) രൂപയുമാണ് എന്നും തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. മുഹമ്മദ് കോയ എ.ആർ. ന്റെ മറ്റ് അനന്തരാവകാശികൾ ശ്രീ. ഹാഫിസ് മുഹമ്മദ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി അനുവദിക്കുന്നതിനായി നൽകിയിട്ടുള്ള സമ്മതപത്രവും ശ്രീ. മുഹമ്മദ് കോയ എ.ആർ. ന്റെ ആശ്രിതരെ ഭാവിയിൽ സംരക്ഷിച്ചുകൊള്ളാമെന്ന ശ്രീ. ഹാഫിസ് മുഹമ്മദ് - ന്റെ സമ്മതപത്രവും സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട്.

4) സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീ. ഹാഫിസ് മുഹമ്മദ്-ന്റെ അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ശ്രീ. മുഹമ്മദ് കോയ എ.ആർ. ന്റെ മകൻ ശ്രീ. ഹാഫിസ് മുഹമ്മദ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ലാസ്റ്റ് ഗ്രേഡ് എംപ്ലോയി തസ്തികയിൽ പരാമർശം (2),(3),(4),(5) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി നിയമനം നൽകുന്നതിന് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി ശ്രീ.ഹാഫിസ് മുഹമ്മദ്-ന് ലാസ്റ്റ് ഗ്രേഡ് എംപ്ലോയി തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള അന്തിമ ഉത്തരവ്, സമാശ്വാസ തൊഴിൽദാന പദ്ധതിയുമായി ബന്ധപ്പെട്ട പരാമർശം (2),(3),(4),(5) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ച് പുറപ്പെടുവിക്കേണ്ടതും, ശ്രീ. ഹാഫിസ് മുഹമ്മദ്-സമർപ്പിച്ച സർട്ടിഫിക്കറ്റുകളുടെ കൃത്യത അതത് ബോർഡുമായി ബന്ധപ്പെട്ട് ഉറപ്പാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
തരുൺ ലാൽ.എസ്
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
ശ്രീ. ഹാഫിസ് മുഹമ്മദ്, കന്നിമത്തട്ട് പുത്തൻ വീട്, ആറ്റുപുറം, ഉച്ചക്കട.പി.ഒ, തിരുവനന്തപുരം.
ജില്ലാ കളക്ടർ,തിരുവനന്തപുരം
ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് (PLGEA-BPE2/92/2024-PLGEA, തീയതി 03.10.2024)
ഐ & പി.ആർ.(വെബ്&ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
സെക്ഷൻ ഓഫീസർ
Date: 30-10-2024 17:00:40